## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1306 | 15.06.2012 ൽ മറുപടിയ്ക്ക് |
|---|---|

### ഗൾഫ് മേഖലയിലേയ്ക്കുള്ള അമിത വിമാനക്കൂലി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. കെ. സി. ജോസഫ് (ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) | എയർ ഇന്ത്യ ഗൾഫ് സെക്ടറിലേയ്ക്ക് അമിതമായി ചാർജ്ജ് വർദ്ധിപ്പിച്ചതുമൂലം ഗൾഫ് മലയാളികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ കേന്ദ്രവ്യോമയാന മന്ത്രാലയത്തിന് നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന് മറുപടി ലഭിച്ചിട്ടുണ്ടോ; | (ബി) ഗൾഫ് മലയാളികളുടെ യാത്രാ ക്ലേശത്തിന് പരിഹാരം കാണുന്നതിന് എയർ ഇന്ത്യ വിമാനങ്ങൾ തുടരെ തുടരെ റദ്ദാക്കുന്നത് സംബന്ധിച്ചും, മറ്റ് വിഷയങ്ങൾ ഉൾകൊള്ളിച്ച്കൊണ്ടും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് 04.02.2012 ന് അയച്ച കത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. |
| (സി) | വിമാന താവളങ്ങളിലെ യൂസേഴ്സ് ഫീ ഇല്ലാതാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? | (സി) വിമാനത്താവളങ്ങളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവ സമാഹരണത്തിനുവേണ്ടിയാണ് യൂസേഴ്സ് ഫീ ഈടാക്കുന്നത്. ഇത് പൂർണ്ണമായും ഇല്ലാതാക്കുന്നത് വിമാനത്താവളങ്ങളുടെ പ്രവർത്തനത്തെ ബാധിക്കും. |

സെക്ഷൻ ഓഫീസർ